**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - നബാർഡ് ആർ.ഐ.ഡി.എഫ്. XIII - എറണാകുളം ജില്ലാ പഞ്ചായത്ത് - മെയിന്റനൻസ് ഫണ്ടിൽ നിന്നും ചെലവഴിച്ചതുക ക്രമീകരിക്കുന്നത് - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്

സ.ഉ.(സാധാ.)നം.1438/14/തസ്വഭവ തിരുവനന്തപുരം, തീയതി, 09.06.2014

==========================================================================

പരാമർശം:- 1. സ.ഉ.(പി)നം.112/07/ഫിൻ തീയതി 15.03.2007.
2. 22.10.2013 ലെ ഗ്രാമവികസന കമ്മീഷണറുടെ 25963/ആർ&ഐ.2/10/സിആർഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

നബാർഡ് ആർ.ഐ.ഡി.എഫ്. XIII എം.എൽ.എ ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികൾക്ക് എറണാകുളം ജില്ലാ പഞ്ചായത്ത് പരാമർശം(1)ന്റെ അടിസ്ഥാനത്തിൽ മെയിന്റനൻസ് ഫണ്ടിൽ നിന്നും 41,41,107/- രൂപ അഡ്വാൻസ് ആയി അനുവദിച്ചു നൽകിയിരുന്നു. നബാർഡിൽ നിന്നും റീ ഇംബേഴ്സ് ചെയ്തുവരുന്ന തുക പ്ലാൻ ഫണ്ടിൽ ക്രെഡിറ്റ് ചെയ്തു വരുന്നു. പ്ലാൻ ഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത നബാർഡ് വിഹിതം മെയിന്റനൻസ് ഫണ്ടിലേക്ക് വകയിരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ അറിയിക്കുവാൻ ഗ്രാമവികസന കമ്മീഷണർ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയും പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ വികസന ഫണ്ടിൽ നിന്നും തുക പിൻവലിക്കുന്ന നടപടിക്രമങ്ങൾ പൂർത്തിയാക്കി ജില്ലാ പഞ്ചായത്തിന്റെ വികസനഫണ്ടിന്റെ പബ്ലിക് അക്കൗണ്ടിൽ നിന്നും (8448-00-109-93-01)മെയിന്റനൻസ് റോഡിതര ഫണ്ടിന്റെ പബ്ലിക് അക്കൗണ്ടിലേക്ക് (8448-00-109-93-01) ചെലാൻവഴി തുകയുടെ ക്രമീകരണം നടത്തുന്നതിന് അനുവാദം നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
രാമൻകുട്ടി സി.
ഡെപ്യൂട്ടി സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. ഡയറക്ടർ, പഞ്ചായത്ത്, തിരുവനന്തപുരം.

3. ജില്ലാ പഞ്ചായത്ത് സെക്രട്ടറി, എറണാകുളം
4. ധനകാര്യ വകുപ്പ് (26790/എൻ.സി.-എ2/14/ധന തീയതി 15.05.2014 പ്രകാരം)
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
6. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
7. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ